# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1955

07.03..2017 ൽ മറുപടിയ്ക്ക്

## തടവുകാരെ വിട്ടയയ്ക്കുന്നതിനായി നടപടികൾ

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ

(എ) സംസ്ഥാനത്ത് 1850 തടവുകാരെ വിട്ടയയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ ഗവർണറുടെ അഭിപ്രായം തേടിയിരുന്നോ ; എങ്കിൽ ഗവർണർ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തടവുകാർ ആരെല്ലാമാണെന്നും എന്തെല്ലാം കുറ്റകൃത്യങ്ങളുടെ പേരിലാണ് ജയിൽ ശിക്ഷ അനുഭവിച്ച് വരുന്നതെന്നും ശിക്ഷാ കാലാവധി എത്രയാണെന്നും ഓരോരുത്തരും നിലവിൽ എത്ര വർഷത്തെ ശിക്ഷ അനുഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും

കേരള പിറവിയുടെ 60-ാം വാർഷിക ആഘോഷത്തിന്റെ (വജ്ര കേരളം) ഭാഗമായി മാനദണ്ഡങ്ങൾക്ക് വിധേയമായി തടവുകാർക്ക് പ്രത്യേക ഇളവ് (special remission) നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യം ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനയിലാണ്. ഈ തടവുകാരെ വിട്ടയയ്ക്കുന്നതിനുള്ള പരിശോധനയല്ല നടത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ